LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്മാസ്റ്റേഴ്സ് അലവൻസ്.

*600. [68] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വിഭാഗത്തിലെ മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് കൊടുത്തിരുന്ന ഹെഡ്മാസ്റ്റേഴ്സ് അലവൻസ് അടുത്തകാലത്തു നിറുത്തൽ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

എഫ്. എ. സി. ഠി. ഫാക്ടറി

*601. [69] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. ഠി. യിൽ നമ്മുടെ ഗവണ്മെൻറിന് എത്ര ഓഹരിയുണ്ട്;

(ബി) ഈ ഫാക്ടറിയുടെ പ്രവർത്തനഫലമായി 52-ലും 53-54-ലും നമ്മുടെ ഗവണ്മെൻറിനു വല്ല ലാഭവും കിട്ടിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ആകെ എത്ര തുക ഗവണ്മെൻറിൽനിന്നും ഈ കമ്പനിയിൽ മുടക്കിയിട്ടുണ്ട്; ഏതെല്ലാം ഇനങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 2,17,50,000 രൂപ വിലയുള്ള 21,75,000 ഓഹരികൾ ഉണ്ട്.

(ബി) ഇല്ല.

(സി) 1952-ലും, 53-ലും നഷ്ടമാണ്. 1954-ൽ അൽപ്പലാഭമുണ്ടു് ഡിവിഡൻറ് നൽകാൻ മതിയാവുകയില്ല.

(ഡി) ഇതുവരെ ഗവണ്മെൻറിനു് ആകെ 2,17,50,000 രൂപ മുടക്കുണ്ടു്. ഇതു മുഴുവനും ഓഹരി ഇനത്തിലാണ്.

മേജറും മൈനറും ഡിപ്പാർട്ടുമെൻറുകളുടെ വിവേചനം.

*602. [71] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഡിപ്പാർട്ടുമെൻറ് എന്നും മൈനർ ഡിപ്പാർട്ടുമെൻറ് എന്നും വിവേചനം നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനമെന്താണ്;

(ബി) ഈ സ്റ്റേറ്റ് ഗവണ്മെൻറിനു കീഴിലുള്ള മേജറും മൈനറും ഡിപ്പാർട്ടുമെൻറുകളും യഥാക്രമം എത്രയാകെയാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മേജറെന്നും മൈനറെന്നും ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ അംഗീകൃതമായ ഒരു വിവേചനം നിലവിലില്ല.

(ബി) (എ) യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ (ബി) ചോദ്യം ഉദിക്കുന്നില്ല.

റേഷനിംഗും, സിവിൽസപ്ലൈസും.

* 603. [74] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ നിയന്ത്രണവും, റേഷനിംഗും എന്നാണ് ഗവണ്മെൻറ് ഉപേക്ഷിച്ചത്;

(ബി) സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ എന്തു ജോലിയാണുള്ളത്;

(സി) ഇപ്പോൾ എത്രപേർ ആ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാരായിട്ടുണ്ട്;

(ഡി) പ്രതിമാസം ആ ഡിപ്പാർട്ടുമെൻറിനു വേണ്ടി എന്തു തുക ചെലവാകുന്നുണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 1954 ജൂലായി 10-ാംനു-

(ബി) 1. ഗവണ്മെൻറിൻറെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന എകദേശം ഒരു ലക്ഷം ടൺ അരി റീകണ്ടീഷൻചെയ്ത് സ്റ്റാൻഡാർഡ് സൈസ് ചെയ്ത് ഇൻഡ്യാഗവണ്മെൻറിൻറെ പക്കൽ ഏൽപ്പിക്കുക.

2. വ്യാപാരികൾക്ക് കെട്ടിവച്ചിരുന്ന ജാമ്യത്തുകകളും, മറ്റു തുകകളും തിരിച്ചു കൊടുക്കുക.

3. ഫുഡ് ഡിപ്പാർട്ടുമെൻറിലെ കണക്കുകൾ മുഴുവൻ പൂർത്തിയാക്കുക.

4. മരച്ചീനി ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളിൽനിന്നും മരച്ചീനി ഡിപ്പോകളിലേയ്ക്ക് വാങ്ങി തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് സഹായ നിരക്കിനു വിതരണം ചെയ്യുക.

5. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറ് നിർത്തൽ ചെയ്യുന്നതിനുള്ള മറ്റു പ്രാരംഭ നടപടികളെടുക്കുക.

(സി) ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ വിവരത്തിനുള്ള ഒരു പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ഡി) ശരാശരി 55,000 രൂപ.

Promotion of Teachers.

* 604. [76] SHRI N. PARAMESWARAN PILLAI: Will the Chief Minister be pleased to state:

Is there any discrimination in the matter of promotion to the place of Headmasters of Secondary Schools in the case of male and female teachers?

† Please see Appendix No. IX

LIBRARY ARCHIVES Kerala Legislative Assembly